## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3323** **29/1/2014** ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപിപ്പിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നെൽകൃഷി ചെയ്യുന്ന കൃഷി ഭൂമിയുടെ വിസ്തീർണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നതും നെൽപ്പാടങ്ങൾ വ്യാപകമായ തോതിൽ മണ്ണിട്ട് നികത്തി രൂപ ഭേദം വരുത്തുന്നതുമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) നെൽവയലുകൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തൊക്കെ നിയമങ്ങളാണുള്ളത്; നെൽവയലുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാനും, ശാസ്ത്രീയ രീതിയിൽ യന്ത്രവൽകൃതമായി നെൽകൃഷി വ്യാപിപ്പിക്കുന്നതിനും, കൃഷിവകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നു വിശദമാക്കാമോ? | (ബി) | നെൽവയലുകൾ സംരക്ഷിക്കുന്നതിനായി 2008 ലെ 'കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം' നിലവിലുണ്ട്. നെൽവയലുകളുടെ അനധികൃത തരംമാറ്റലുകൾ ശ്രദ്ധയിൽപ്പെട്ടാൽ കൃഷി വകുപ്പ് റവന്യൂ വകുപ്പിന് നടപടികൾക്കായി റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം കൃഷി വകുപ്പ് പ്രോത്സാഹിപ്പിച്ച് വരുന്നുണ്ട്. പാടശേഖരങ്ങളിൽ നിലം തയ്യാറാക്കൽ, നടീൽ, കൊയ്ത്ത് എന്നിവയ്ക്കായി യന്ത്രവൽക്കരണം ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. 2013-14 വർഷം നെൽകൃഷി മേഖലയിൽ |

നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

1. ഗ്രൂപ്പ് ഫാമിംഗ് (സുസ്ഥിര നെൽകൃഷി വികസന പദ്ധതി) യിൽ ഒരു ഹെക്ടറിന് 4500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 8100 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.
2. പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം (261.12 ഹെക്ടറിന് -സാമ്പത്തിക സഹായം 26.12 ലക്ഷം രൂപ)
3. പി.പി.എസ്.ആർ.ഐ പദ്ധതി (സാമ്പത്തിക സഹായം 500 ലക്ഷം രൂപ)
4. കരനെൽകൃഷി (3124.66 ഹെക്ടർ സാമ്പത്തിക ലക്ഷ്യം 234.35 ലക്ഷം രൂപ)
5. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (26 ലക്ഷം രൂപ) പാലക്കാട് ജില്ലയിൽ മാത്രം
6. തരിശുനിലകൃഷി (ഒന്നാം വർഷം) 1385 ഹെക്ടർ - സാമ്പത്തിക സഹായം 415.5 ലക്ഷം രൂപ)
7. തരിശുനിലകൃഷി (രണ്ടാം വർഷം) (1005.38 ഹെക്ടർ - സാമ്പത്തിക സഹായം 15.807 ലക്ഷം രൂപ)
8. പൊക്കാളി നെൽകൃഷി വികസനം ആർ കെ വി വൈ (860 ഹെക്ടർ - സാമ്പത്തിക സഹായം 86 ലക്ഷം രൂപ)
9. കുട്ടനാട് പാക്കേജ് (തരിശ് നില കൃഷി ) 250 ഹെക്ടർ സാമ്പത്തിക

ലക്ഷ്യം 75 ലക്ഷം രൂപ)

10. നെൽകൃഷി ഉല്പാദന ബോണസ് (സാമ്പത്തിക സഹായം 1130.4 ലക്ഷം രൂപ)

11. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട് (150 ലക്ഷം രൂപ) കൂടാതെ സപ്ലൈകോ മുഖാന്തിരം സർക്കാർ നേരിട്ട് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ